**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4149** **28-06-2024 - ൽ മറുപടിയ്ക്ക്**

**റേഷൻകട നടത്തിപ്പിനായുള്ള ലൈസൻസ് അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | റേഷൻകട നടത്തിപ്പിനുള്ള ലൈസൻസിനായി അപേക്ഷ സമർപ്പിക്കേണ്ടതിലുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ? | (എ) | കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ (കൺട്രോൾ) ഓർഡർ, 2021-ലെ നിബന്ധനകൾക്ക് വിധേയമായി, റേഷൻകട ലൈസൻസി നിയമനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നത് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസറാണ്. റേഷൻകട ലൈസൻസിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെപ്പറയുന്നു.<br><br><u>അപേക്ഷകനുവേണ്ട യോഗ്യതകൾ</u><br><br>1. വിജ്ഞാപന വർഷം ജനുവരി 1 ന് 21 വയസ്സ് പൂർത്തീയായിരിക്കേണ്ടതും എന്നാൽ 62 വയസ്സിൽ കൂടുവാൻ പാടുള്ളതുമല്ല.<br><br>2. കേരള സംസ്ഥാന പൊതുപരീക്ഷ ബോർഡ് നടത്തുന്നതോ അംഗീകരിച്ചതോ ആയ എസ്.എസ്.എൽ.സി/ തത്തുല്യയോഗ്യതാ പരീക്ഷ വിജയിച്ചിരിക്കണം.<br><br>3.ന്യായവില ഷോപ്പ് ഉടമസ്ഥനാകുന്നതി നുതകുന്ന ശാരീരികവും മാനസികവുമായ പ്രാപ്തിയുള്ള വ്യക്തിയായിരിക്കണം.<br><br>4. അപേക്ഷകൻ വിജ്ഞാപന തീയതിക്ക് മുമ്പ് തുടർച്ചയായി 3 വർഷക്കാലം റേഷൻകട സ്ഥിതിചെയ്യുന്ന ചെയ്യുന്ന പഞ്ചായത്ത്/ മുൻസിപ്പാലിറ്റി പ്രദേശത്തെ സ്ഥിരതാമസക്കാരനായിരിക്കണം. റേഷൻകട സ്ഥിതിചെയ്യുന്ന ചെയ്യുന്ന അതേ വാർഡിലെ താമസക്കാരനായ അപേക്ഷകന് ലൈസൻസി നിയമനങ്ങളിൽ മുൻഗണന ഉണ്ടായിരിക്കുന്നതാണ്.<br><br>പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട റേഷൻകടകളുടെ ലൈസൻസിനുള്ള അപേക്ഷകർ റേഷൻകട ഉൾപ്പെടുന്ന അതാത് |

താലൂക്കുകളിലെ സ്ഥിര താമസക്കാരനായിരിക്കണം. ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിലെ സ്ഥിരതാമസക്കാരനായ അപേക്ഷകന് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

5. തുല്യ യോഗ്യതയുള്ള ഒന്നിലധികം അപേക്ഷകരുണ്ടെങ്കിൽ കൂടുതൽ പ്രായമുള്ള അപേക്ഷകന് മുൻഗണന നൽകുന്നതായിരിക്കും.

6. ഭക്ഷ്യഭദ്രതാനിയമം-2013 പ്രകാരമോ, കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഉത്തരവ് 2021 പ്രകാരമോ, അവശ്യവസ്തു നിയമം 1955 പ്രകാരമോ (ECAct), ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് 2006 (Central Act 34 of 2006) പ്രകാരമോ, ധാർമ്മികവ്യതിയാനം ഉൾപ്പെടുന്ന മറ്റേതെങ്കിലും കുറ്റകൃത്യത്തിനോ കോടതി ശിക്ഷിച്ചിട്ടുള്ളവർ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളതല്ല.

8. അപേക്ഷകൻ ഫുൾ ടൈം / പാർട്ട് ടൈം സർക്കാർ ജീവനക്കാരനാകാൻ പാടില്ലാത്തതുമാകുന്നു. അപേക്ഷകൻ പൊതുമേഖല സ്വകാര്യ സഹകരണ മേഖലകളിൽ നിന്നും ശമ്പളം കൈപ്പറ്റുന്ന വ്യക്തിയാവാനും പാടില്ല. സ്ഥിരമായ ഏതെങ്കിലും പ്രവൃത്തിക്ക് സർക്കാർ നിയോഗിക്കുകയോ ആയതിന് സർക്കാരിൽ നിന്ന് ഓണറേറിയം ലഭിക്കുകയോ ചെയ്യുന്ന വ്യക്തി, അപേക്ഷിക്കുവാൻ പാടില്ല.

9. നിലവിൽ റേഷൻകട ലൈസൻസിയായിട്ടുള്ളവരുടെ കുടുംബാംഗങ്ങൾ അപേക്ഷിക്കുവാൻ പാടുള്ളതല്ല.

**<u>അപേക്ഷിക്കേണ്ട വിധം</u>**

അപേക്ഷകൾ കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ 2021 അനുബന്ധം 07 ഫോറം ജി പ്രകാരം പറഞ്ഞിരിക്കുന്ന നിശ്ചിത ഫോറത്തിൽ എല്ലാ കോളങ്ങളും വ്യക്തമായി പൂരിപ്പിച്ച് ജില്ലാ സപ്ലൈ ആഫീസർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

അപേക്ഷാഫോറത്തിൽ 20/- രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചിരിക്കണം. അപേക്ഷ അടക്കം ചെയ്യുന്ന കവറിന്റെ മുകൾ ഭാഗത്ത് റേഷൻകട നമ്പർ, താലൂക്ക്, നോട്ടിഫിക്കേഷൻ നമ്പർ പരസ്യപ്രകാരം റിട്ടെയിൽ ഷോപ്പ് നടത്തുന്നതിനുള്ള അപേക്ഷ എന്നീ വിവരങ്ങൾ വ്യക്തമായി എഴുതിയിരിക്കണം.

**<u>അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകളും ഹാജരാക്കേണ്ടതാണ്</u>.**

1. FPS നടത്തുന്നതിന് അപേക്ഷകന് 100000/- (1 ലക്ഷം) രൂപയിൽ കുറയാത്ത ആസ്തി ഉണ്ടായിരിക്കേണ്ടതാണ്. ആയതു തെളിയിക്കുന്ന 100000/- (1 ലക്ഷം) രൂപയുടെ ട്രഷറി സ്ഥിരനിക്ഷേപ പത്രിക ഹാജരാക്കേണ്ടതാണ്.

2. പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ട അപേക്ഷകനാണെങ്കിൽ ആയത് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും രേഖകൾ ഹാജരാക്കേണ്ടതാണ്. സ്ത്രീകളുടെ സ്വയം സഹായ സഹകരണസംഘങ്ങൾ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർ എന്നിവർ 50000/- (അൻപതിനായിരം) രൂപയുടെ ട്രഷറി സ്ഥിര നിക്ഷേപ പത്രിക ഹാജരാക്കിയാൽ മതിയാകും.

3. അപേക്ഷകയോടൊപ്പം ടി സ്ഥിരം നിക്ഷേപതുക സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സാധിക്കാത്തപക്ഷം ആയത് താലൂക്ക് സപ്ലൈ ആഫീസറുടെ അന്വേഷണ സമയത്ത് ഹാജരാക്കുന്നതാണ് എന്ന സമ്മതപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

4. FPS നടത്തിപ്പിൽ സെയിൽസ്മാനായി മുൻപരിചയം ഉള്ളവർ ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റും താലൂക്ക് സപ്ലൈ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സെയിൽസ്മാൻ രജിസ്റ്ററിന്റെ അസ്സൽ കോപ്പിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കണം.

5. FPS നടത്തുന്നതിന്, രണ്ടുമാസത്തേക്ക് ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിന് ശേഷിയുള്ള ചുരുങ്ങിയത് 300 ച.അടി എങ്കിലും വിസ്തീർണ്ണമുള്ള കെട്ടിടം ഉണ്ടായിരിക്കേണ്ടതാണ്. കെട്ടിടം സ്വന്തമല്ലെങ്കിൽ കെട്ടിട ഉടമയുടെ സമ്മതപത്രം (200 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ)ഹാജരാക്കേണ്ടതാണ്.

6. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് പഞ്ചായത്ത്/ മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്നും ലഭിച്ചത് ഹാജരാക്കേണ്ടതാണ്.

7.വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനാ വശ്യമായ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.

8. ഭിന്നശേഷിക്കാർ ആയതു തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റും,

| | | | |
|---|---|---|---|
| | | | കൂടാതെ FPS ന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിവുള്ളതാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ഡിസെബിലിറ്റി ആക്ട് 2016 (49) ഓഫ് 2016) ഹാജരാക്കേണ്ടതാണ്.<br><br>9. ജനന തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.<br><br>10. ആധാർ കാർഡ്, റേഷൻകാർഡ് എന്നിവയുടെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.<br><br>11. അപേക്ഷകന്റെ മെഡിക്കൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.<br><br>12. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.<br><br>13. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും ഹാജരാക്കേണ്ടതാണ്.<br><br>നിർദ്ദിഷ്ട ഫോറത്തിൽ അല്ലാത്തതും നിശ്ചിത സമയപരിധിക്കകം ലഭ്യമല്ലാത്തതും വിജ്ഞാപന പ്രകാരമുള്ള രേഖകൾ ഹാജരാക്കാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷകർ തെരഞ്ഞെടുക്കപ്പെടുന്ന പക്ഷം 30 ദിവസത്തിനകം 5000 രൂപയുടെ സ്ഥിര നിക്ഷേപം ട്രഷറി സേവിംഗ്സിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ പേരിൽ പണയപ്പെടുത്തിയും സോൾവെൻസിയായി സമർപ്പിക്കുന്ന ഒരു ലക്ഷം രൂപയുടെ ട്രഷറി സേവിംഗ്സ് ഡിപ്പോസിറ്റ്, സംവരണ വിഭാഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള തുക ജില്ലാ സപ്ലൈ ഓഫീസറുടെ പേരിൽ പണയപ്പെടുത്തിയും സമർപ്പിക്കേണ്ടതാണ്. 1000 രൂപയുടെ ലൈസൻസ് ഫീ അടവാക്കേണ്ടതാണ്. Kerala Kerosene Control Order പ്രകാരമുള്ള ലൈസൻസിനുള്ള അപേക്ഷയും അനുബന്ധ രേഖകളും ഹാജരാക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ